# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2347 | 08.03.2017 - ൽ മറുപടിയ്ക്ക് |
|---|---|

### ചരക്ക സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ<br>,, സണ്ണി ജോസഫ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എൽദോസ് കുന്നപ്പിള്ളി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക സേവന നികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സി.ജി.എസ്.ടി, ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി നിയമങ്ങളുടെ കരടിന്റെ ചർച്ച ജി.എസ്.ടി Council ൽ പുരോഗമിച്ചു വരുന്നു. ഇതു പൂർത്തിയായി കേന്ദ്ര സർക്കാർ സി.ജി.എസ്.ടി നിയമം പാസാക്കിയാൽ ഉടനെ സംസ്ഥാന സർക്കാർ എസ്.ജി.എസ്.ടി നിയമം സഭയിൽ അവതരിപ്പിക്കും. കൂടാതെ നിലവിലുള്ള വ്യാപാരികളെ ജി.എസ്.ടി യിലേക്ക് മാറ്റുന്നതിനുള്ള നടപടികളും നടന്നു വരുന്നു. മാർച്ച് മാസം ഒന്നാം തീയതി വരെയുള്ള കണക്കനുസരിച്ച് 1,54,647 വ്യാപാരികൾ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുവരെ രജിസ്റ്റർ ചെയ്തു വ്യാപാരികളുടെ എണ്ണം 60.64% ആണ്. ഇതോടൊപ്പം പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ back-end IT ചട്ടക്കൂടുകളുടെ സോഫ്റ്റ് വെയർ - വികസിപ്പിക്കുന്നതിനായി വിവരസാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുകയും, NIC യുടെ സഹകരണത്തോടെ നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി യുടെ സാങ്കേതികവിദ്യയെ പ്പറ്റിയുള്ള പരിശീലനത്തിന്റെ ഭാഗമായി വാണിജ്യ നികുതി വകുപ്പിൽ നിന്നും 50 ഉദ്യോഗസ്ഥരെ Master Trainees ആയി ശുപാർശ ചെയ്യുകയും, ഇവർക്ക് GSTN പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ Model GST നിയമത്തെപ്പറ്റി വകുപ്പ് ജീവനക്കാർക്ക് പരിശീലനം നടത്തിവരുന്നു. |
| (ബി) | ചരക്ക സേവന നികുതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് നികുതിയിനത്തിൽ നഷ്ടം സംഭവിക്കുമോ; എങ്കിൽ എന്ത് നഷ്ടം സംഭവിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) | ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ് ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്ത പ്പെടുന്നത്. ചരക്കുകൾക്കും സേവനങ്ങൾക്കും ബാധകമായ നികുതി നിരക്കുകൾ ഇതുവരെയും നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഒരു കൃത്യമായ അവലോകനം സാധ്യമല്ല. |
| (സി) | പ്രസ്തുത നഷ്ടം നികത്തി നൽകാമെന്ന് കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ചരക്ക സേവന നികുതി കൗൺസിൽ എടുത്ത തീരുമാനം വിശദമാക്കുമോ ; | (സി) | ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും ജി. എസ്. ടി. നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങ ൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തേണ്ടതാണെന്ന നിയമ നിർമ്മാണം വ്യവസ്ഥ ചെയ്തതിനാൽ, സംസ്ഥാന ത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി. പ്രതികൂല മായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. |

| | | | |
|---|---|---|---|
| (ഡി) | എന്നത്തേയ്ക്ക് ചരക്ക സേവന നികുതി നടപ്പിലാക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശം നൽകുമോ? | (ഡി) | 2017 ജൂലൈ 1 മുതൽ ചരക്ക് സേവന നികുതി നിലവിൽ വരണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നടപടികൾ പുരോഗമിക്കുന്നത്. ഇതിനായി സി.ജി.എസ്.ടി, ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി നിയമങ്ങളുടെ കരട് ജി.എസ്.ടി Council ന്റെ പരിഗണന യിലാണ്. ഇതോടൊപ്പം പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ back-end IT ചട്ടക്കൂടുകളുടെ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി വിവര സാങ്കേതിക വിദഗ്ധരെ നിയമിക്കുകയും NIC യുടെ സഹകരണത്തോടെ പ്രവർത്തനം പുരോഗമിച്ചു വരുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**